# കെഎസ്എഫ്ഇ ജീവനക്കാരുടെ പ്രതിഷേധമാർച്ച്

തിരു: കെഎസ്എഫ്ഇയുടെ 200 കോടി രൂപയുടെ ട്രഷറിനിക്ഷേപം സ്വകാര്യബാങ്കിൽ പണയപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള മാനേജ്മെന്റ് നീക്കത്തിൽ പ്രതിഷേധിച്ച് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാനകമ്മിറ്റി തൃശൂർ ഹെഡ് ഓഫീസിലേക്കും റീജ്യണൽ ഓഫീസുകളിലേക്കും മാർച്ചും ധർണയും നടത്തി. നിലവിലെ ട്രഷറി നിക്ഷേപത്തുകയ്ക്ക് പ്രതിവർഷം 150 കോടി രൂപ പലിശ നൽകാതെയാണ് സർക്കാർ ഈ തുക ഉപയോഗപ്പെടുത്തി പ്രതിസന്ധി മറികടക്കാൻ ശ്രമിക്കുന്നത്.

തിരുവനന്തപുരം റീജ്യണൽ ഓഫീസിലേക്ക് നടന്ന മാർച്ചിൽ ജില്ലാ സെക്രട്ടറി എം ഷൂബി അലി, പ്രസിഡന്റ് ബി സതീഷ്, ജി ധനരാജ്, സി എ രാജീവ്നാഥ്, എ അജിത്കുമാർ എന്നിവർ പങ്കെടുത്തു. കൊല്ലം റീജ്യണൽ ഓഫീസിലേക്ക് നടന്ന മാർച്ച് സംസ്ഥാന ജനറൽ സെക്രട്ടറി എസ് മുരളീകൃഷ്ണപിള്ള, അരുൺ ശ്രീധർ, രതീഷ് തമ്പി എന്നിവർ പങ്കെടുത്തു.

കോട്ടയം റീജ്യണൽ ഓഫീസിൽ നടന്ന മാർച്ചിൽ ജില്ലാ സെക്രട്ടറി എസ് സജു, എം പി നജീബ്, വിനോദ് എന്നിവരും തൃശൂർ ഹെഡ് ഓഫീസിലേക്ക് നടന്ന മാർച്ചിൽ ജില്ലാ സെക്രട്ടറി ബി വിജയകുമാർ, ജ്യോതിനാഥൻ, വി കെ മധുസൂദനൻ എന്നിവരും എറണാകുളം റീജ്യണൽ ഓഫീസിലേക്ക് നടന്ന മാർച്ചിൽ ജില്ലാ സെക്രട്ടറി എം ബൈജു, സി ജെ ജോബ് എന്നിവരും കണ്ണൂർ റീജ്യണൽ ഓഫീസിലേക്ക് നടന്ന മാർച്ചിൽ സംസ്ഥാന വൈസ് പ്രസിഡന്റ് ടി സി രാധാകൃഷ്ണൻ, ജില്ലാ സെക്രട്ടറി ഇ വി മനോജ്, പി ഷിനോജ് എന്നിവരും പങ്കെടുത്തു.

# കെഎസ്എഫ്ഇക്ക് എതിരായ നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയണം: എ കെ ബാലൻ

തിരു: കെഎസ്എഫ്ഇയെ തകർക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയണമെന്ന് കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന പ്രസിഡന്റ് എ കെ ബാലൻ എംഎൽഎ ആവശ്യപ്പെട്ടു. ആരംഭകാലംമുതൽ ലാഭത്തിൽ പ്രവർത്തിച്ചുവരികയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കോടിക്കണക്കിന് തുക ഗ്യാരന്റി കമീഷൻ, സർവീസ് ടാക്സ്, ലാഭവിഹിതം എന്നീ ഇനങ്ങളിൽ നൽകുകയുംചെയ്യുന്ന കെഎസ്എഫ്ഇയെ അവതാളത്തിലാക്കാനുള്ള പ്രവർത്തനങ്ങളാണ് യുഡിഎഫ് സർക്കാർ തുടർച്ചയായി സ്വീകരിക്കുന്നത്.

അഴിമതിയും ധൂർത്തും തമ്മിലടിയുംമൂലം കേരള ഖജനാവ് കാലിയായ സാഹചര്യത്തിൽ കെഎസ്എഫ്ഇയെ കറവപ്പശുവാക്കാനുള്ള ഗവൺമെന്റ് നീക്കം പ്രതിഷേധാർഹമാണ്. 1600 കോടി രൂപയാണ് കെഎസ്എഫ്ഇ ട്രഷറിയിൽ ചിട്ടി സെക്യൂരിറ്റിയായി നിക്ഷേപിച്ചത്. എന്നാൽ, ഈ ചിട്ടികളുടെ 800 കോടി രൂപയ്ക്ക് സർക്കാർ പലിശ നൽകുന്നില്ല. പൊതുജനങ്ങളിൽനിന്നുള്ള നിക്ഷേപം വായ്പയായി നൽകുന്നതിന് പകരം കുറഞ്ഞ പലിശയ്ക്ക് ട്രഷറിയിൽ നിക്ഷേപിച്ചതിനാൽ സ്ഥാപനത്തിന് കനത്ത നഷ്ടമുണ്ടാകുന്നു. ട്രഷറി നിക്ഷേപത്തിന് പലിശ ലഭിക്കാത്തതുകൊണ്ട് മാത്രം പ്രതിവർഷം 150 കോടി രൂപ വരുമാന നഷ്ടം കെഎസ്എഫ്ഇക്കുണ്ട്. തെറ്റായ ഈ നടപടിയിൽനിന്ന് പിന്മാറുന്നതിന് പകരം കെഎസ്എഫ്ഇയുടെ പ്രവർത്തനത്തെയാകെ താറുമാറാക്കുന്ന പുതിയ നയങ്ങൾ യുഡിഎഫ് ഗവൺമെന്റ് സ്വീകരിക്കുന്നു. കേന്ദ്ര കമ്പനി നിയമത്തിന്റെയും റിസർവ് ബാങ്കിന്റെയും നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി കെഎസ്എഫ്ഇ മാനേജ്മെന്റും സർക്കാരും പ്രവർത്തിക്കുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സ്ഥാപനത്തിൽ സൃഷ്ടിക്കുമെന്നും എ കെ ബാലൻ പറഞ്ഞു.

